**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 324

14.03.2017-ൽ
മറുപടിക്ക്.

## പോലീസ് ജനസൗഹൃദമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്**<br>**,, വി. കെ. സി. മമ്മത് കോയ**<br>**,, രാജു എബ്രഹാം**<br>**,, കെ. ആൻസലൻ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിക്കുന്നതിലൂടെ പോലീസിന്റെ പ്രവർത്തനങ്ങളിൽ എന്ത് മാറ്റമാണ് ലക്ഷ്യമിടുന്നത്; | (എ) | കേരളാ പോലീസ് ആക്ടിലെ സെക്ഷൻ 64 പ്രകാരം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസും, പൊതുജനങ്ങളും തമ്മിൽ മെച്ചപ്പെട്ട ബന്ധം സൃഷ്ടിക്കുന്നതിനുവേണ്ടി നിയമപരമായി രൂപീകരിക്കപ്പെട്ടതാണ് ജനമൈത്രി പോലീസ് സംവിധാനം. ഇതുവഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സുരക്ഷയും സംരക്ഷണവും ലഭിക്കാൻ സഹായകരമാകുന്നു. |
| (ബി) | പോലീസ് ജനസൗഹൃദമാക്കാൻ വേണ്ട തരത്തിൽ പരിശീലന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; | (ബി) | തുടർച്ചയായ പരിശീലനമുൾപ്പെടെ വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാന ജില്ലാതലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (സ) | പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകളിൽ പ്രതിയായിട്ടുള്ളവരെയും ക്രിമിനൽ സ്വഭാവം വച്ചുപുലർത്തുന്നവരെയും നിയന്ത്രിക്കാനായി എന്തു നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകളിൽ പ്രതിയായിട്ടുള്ളവരെയും, ക്രിമിനൽ സ്വഭാവം വച്ചു പുലർത്തുന്നവരെയും നിയന്ത്രിക്കാനായി അവർക്കെതിരെയുള്ള കേസ്സുകളുടെ സ്വഭാവമനുസരിച്ച് നിയമ നടപടികളും, വകുപ്പുതല നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ